**മധുരമായ കുട്ടികളെ–നിങ്ങൾ ബാബയെ ഓർമ്മിക്കൂ, ഈ ഓർമ്മ തന്നെയാണ് വിശ്വത്തിന് വേണ്ടിയുള്ള യോഗദാനം, ഇതിലൂടെ വിശ്വം പാവനമാകും, തോണി അക്കരെയെത്തും.**

**ചോദ്യം** :– അന്തിമ സമയത്ത് ഏത് കുട്ടികളെയാണ് സ്വയം ബാപ്ദാദ സംരക്ഷിക്കുന്നത്?
**ഉത്തരം** :– ഏത് കുട്ടികളാണോ വളരെക്കാലം മുള്ളുകളെ പൂക്കളാക്കുന്നതിന്റെ സേവനത്തിൽ തത്പരരായി കഴിയുന്നത്, ബാബയുടെ പരിപൂർണ്ണമായ സഹായികളായിട്ടുള്ളത്, ഇങ്ങനെയുള്ള കുട്ടികളെ അന്തിമ സമയത്തിൽ ബാബ സംരക്ഷിക്കുന്നു. ബാബ പറയുന്നു–ഞാൻ എന്റെ സഹായി കുട്ടികളെ അദ്ഭുതകരമായ ദൃശ്യ–രംഗങ്ങൾ കാണിച്ച് വളരെ സന്തോഷിപ്പിക്കും. അവർ അന്തിമത്തിൽ വളരെ സുഖം അനുഭവിക്കും. സാക്ഷാത്ക്കാരം ചെയ്തു കൊണ്ടിരിക്കും. 2–ആർക്കാണോ 'ഒരു ബാബ രണ്ടാമത് മറ്റാരുമില്ല' ഈ പാഠം പക്കയായിട്ടുള്ളത്, ഇങ്ങനെയുള്ള കുട്ടികൾക്ക് തന്നെയാണ് ബാബയുടെ സഹായം ലഭിക്കുന്നത്.

**ഗീതം** :– പ്രിയതമാ വന്ന് ചേരൂ . . .

**ഓം ശാന്തി**. പ്രിയതമനും പ്രിയതമകളും. പ്രിയതമൻ ഒന്നാണ് പ്രിയതമകൾ അനേകമുണ്ട്. പ്രിയതമകൾ വിളിച്ച്കൊണ്ടിരിക്കുകയാണ് ഒരു ഭഗവാനെ. അനേകം ഭക്തർ വിളിച്ചുകൊണ്ടിരിക്കുന്നു, എന്തിനുവേണ്ടി? സുഖത്തിനുവേണ്ടി. കന്യക വിളിക്കുന്നു പ്രിയതമാ വന്നുചേരു. എന്തിനുവേണ്ടി? സുഖത്തിനുവേണ്ടി. വിവാഹ നിശ്ചയം നടത്തുന്നത് സുഖത്തിനുവേണ്ടിയാണ് എന്നാൽ ഇപ്പോൾ കുട്ടികൾ അറിഞ്ഞ് കഴിഞ്ഞു രാവണരാജ്യത്തിൽ പ്രിയതമനിൽ നിന്ന് യാതൊരു സുഖവും ലഭിക്കുകയില്ല. രാവണരാജ്യത്തിൽ സുഖമുണ്ടാവില്ല. പ്രിയതമകൾ എല്ലാവരും ശോകവാടികയിലാണ്. അശോകവാടികയിൽ ആരും വിളിക്കുന്നില്ല. യാതൊരു ദുഃഖമോ ശോകമോ ഇല്ലെങ്കിൽ എന്തിന് വിളിക്കണം? ദുഃഖത്തിൽതന്നെയാണ് പ്രിയതമനെ ഓർമ്മിക്കുന്നത് പിന്നീട് പ്രിയതമനെ ലഭിക്കുമ്പോൾ പ്രിയതമകൾ അരകൽപ്പത്തിലേക്ക് ഓർമ്മിക്കുന്നതിൽ നിന്ന് മുക്തമാകുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം–എല്ലാവരെക്കാളും മധുരവും, എല്ലാവരക്കാളും സ്നേഹിയുമായ പ്രിയതമൻ ഒരേ ഒരു പരംപിതാ പരമാത്മാവാണ്, എല്ലാവരേക്കാളും ഉയർന്നതും ഏറ്റവും ശ്രേഷ്ഠവുമാണ്. ഇവിടെ ഒരു മനുഷ്യനും സ്വയത്തെ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമെന്ന് പറയാൻ സാധിക്കില്ല. ഇനി ഈശ്വരൻ സർവ്വവ്യാപിയാണ്, ഞാൻ ശിവനാണ് എന്നെല്ലാം പറയുന്നുണ്ട് എന്നാൽ ഒരാളേക്കാൾ ശ്രേഷ്ഠത മറ്റൊരാൾക്ക് ഉണ്ടാകുമല്ലോ. സന്യാസി സമൂഹത്തിലും ആരാണോ ഉയർന്നത് അവരെ മറ്റുള്ള സന്യാസിമാർ സാഷ്ടാംഗ നമസ്ക്കാരം ചെയ്യാറുണ്ട്. എന്നാൽ ഏറ്റവും ഉയർന്നതിലും ഉയർന്നത് ഒരേ ഒരു പരമാത്മാവെന്നാണ് പാടിയിട്ടുള്ളത്. എല്ലാവരും അവരെയാണ് ഓർമ്മിക്കുന്നത്–തീർച്ചയായും സുഖത്തിന് വേണ്ടിയാണ്. എപ്പോഴാണോ വളരെ ദുഃഖമുണ്ടാകുന്നത് അപ്പോഴാണ് വളരെയധികം പ്രിയതമകൾ ഓർമ്മിക്കുന്നത്. ഇപ്പോൾ കുട്ടികൾക്ക് ഇത്രയും ദുഃഖത്തിന്റെ അനുഭവമില്ല. ശരിക്കും വളരെ ദുഃഖം വരാനിരിക്കുന്നു. ആരെയാണോ വിളിക്കുന്നത് അവർ തീർച്ചയായും വരില്ലേ. അതുകൊണ്ട് ബാബയും വരുന്നുണ്ട്. ബാബയുടേതാകുന്നതിലൂടെ ഒരുസെക്കന്റിൽ സുഖത്തിന്റെ സമ്പത്ത് ലഭിക്കുന്നു. കട്ടികൾക്ക് നിശ്ചയമുണ്ടായിരിക്കണം–നമ്മൾ ബാബയുടെ മടിയിൽ വന്നിരിക്കുന്നു അതുകൊണ്ട് സെക്കന്റിൽ ജീവൻമുക്തി ലഭിച്ചിരിക്കുന്നു. കുട്ടി ജനിച്ച്കഴിഞ്ഞാൽ മടിയിലെത്തി, അപ്പോൾ നിശ്ചയം വരുന്നു ഇത് അവകാശിയാണ്. ഇതും പരിധിയില്ലാത്ത അച്ഛനാണ്. ഇപ്പോൾ നല്ലരീതിയിൽ അച്ഛനെ മനസ്സിലാക്കുന്നു. മനസ്സിലാക്കുന്നതിൽ ഒരു ബുദ്ധിമുട്ടുമില്ല. വളരെയധികം കുട്ടികളുണ്ട്, പാടാറുണ്ട് മക്കൾ അച്ഛനെ പ്രത്യക്ഷമാക്കുന്നു. അതുകൊണ്ട് ആരോടും പറയേണ്ട ആവശ്യമില്ല. വളരെയധികം ബ്രഹ്മാകുമാരൻമാരും–കുമാരികളുമുണ്ട്. ഇത്രയുമധികം കുട്ടികൾ ഈശ്വരനല്ലാതെ മറ്റാർക്കും ഉണ്ടാകില്ല. കൃഷ്ണനാണെങ്കിൽ ദൈവീകഗുണങ്ങളുള്ള മനുഷ്യനാണ്. മനുഷ്യന് ഇത്രയും കുട്ടികളുണ്ടാകുക സാധ്യമല്ല.

നിങ്ങൾക്കറിയാം നമ്മൾ ശിവബാബയുടെ കുട്ടികളാണ്. നിങ്ങൾക്ക് പറയാൻ സാധിക്കും ഒരു മനുഷ്യനും ഇത്രയും കുട്ടികളുണ്ടാകുകയില്ല. എത്ര ബ്രഹ്മാകുമാരൻമാരും– കുമാരിമാരിമാരുമാണ്. പാടാറില്ലേ പ്രജാപിതാ ബ്രഹ്മാവിന്റേതെന്ന്. ഓർമ്മിക്കുന്നത് ത്രികാലദർശീ പരമാത്മാവിനെയാണ്. ഭഗവാന് മാത്രമാണ് ഇത്രയും കുട്ടികളുണ്ടാകുക. അങ്ങനെയെങ്കിൽ ആ നിരാകാരൻ എപ്പോഴാണോ സാകാരത്തിൽ വരുന്നത് അപ്പോഴാണ് ദത്തെടുക്കുക. ശരീരമില്ലെങ്കിൽ എങ്ങനെ നമ്മളെ ദത്തെടുക്കും? നിങ്ങൾ ഈശ്വരന്റെ മടിത്തട്ടിലാണ് വന്നിരിക്കുന്നത്. അറിയുന്നു ഈശ്വരൻ തന്നെയാണ് പ്രിയതമൻ. എല്ലാവരേക്കാളും മധുരവും

എല്ലാവരേക്കാളും സ്നേഹിയും. സ്നേഹിക്കുന്നവനെയാണ് പ്രിയതമനെന്ന് പറയുന്നത്. നിങ്ങൾക്കറിയാം– നമ്മുടെ ഉയർന്നതിലും ഉയർന്ന പ്രിയതമനിൽ നിന്നാണ് നമ്മൾ പ്രിയതമകൾക്ക് സ്വർഗ്ഗത്തിന്റെ അളവില്ലാത്ത സുഖം ലഭിക്കുന്നത്. അവരുടെ സന്മുഖത്താണ് ഇരിക്കുന്നത്. ഭക്തി–മാർഗ്ഗത്തിൽ പാടുന്നുണ്ട്– രാമന്റെ പേര് ചൊല്ലുന്നതിലൂടെ മനുഷ്യൻ അക്കരെയെത്തുന്നു അതുകൊണ്ട് രാമ–രാമയെന്ന് വളരെ പേർ പറയുന്നുണ്ട്. ഏതുപോലെയാണോ ഗംഗാ നദിയെ പതിത പാവനിയെന്ന് കരുതുന്നത്. മനുഷ്യർ അവിടെ പോയി ഇലയിൽ ദീപം കത്തിച്ച് ഒഴുക്കുന്നു. ഏത്പോലെയാണോ കൃഷ്ണനെ ഇലയുടെ മേൽ സാഗരത്തിൽ പെരുവിരൽ കുടിച്ചുകൊണ്ട് കാണിക്കുന്നത്. ഇവർ പിന്നീട് ദീപം തെളിയിച്ച് ഇലയിൽ വയ്ക്കുന്നു. ആത്മാവും ദീപമാണ്. മനുഷ്യർക്ക് പൂർണ്ണമായ ജ്ഞാനമില്ല. അവർക്ക് ഇതൊരു ആചാരമായിരിക്കുന്നു. ദീപം തെളിയിച്ച് പറയുന്നു– ആത്മാവ് അക്കരെയെത്തുന്നു. തോണിക്കാരൻ ബാബ തന്നെയാണ് . വിഷയ സാഗരത്തിൽ നിന്ന് അക്കരെ കൊണ്ട് പോകുന്നു. അവർ പിന്നെ വാക്ക് കേട്ട് ഒരു ആചാരമാക്കിയിരിക്കുന്നു. ബാബ ആത്മാവിന്റെ ദീപമാണ് തെളിയിക്കുന്നത്. ഇതെല്ലാം അടയാളങ്ങളാണ്. ആത്മാവിന് തന്നെയാണ് ഈ ശരീരം ഉപേക്ഷിച്ച് പോകേണ്ടതായുള്ളത്– മറുകരയായ പരംധാമത്തിലേക്ക്. നിങ്ങൾക്കറിയാം–ആത്മാവ് അജ്ഞാന സാഗരത്തിൽ നിന്ന് അക്കരയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. തോണിക്കാരൻ ബാബ തന്നെയാണ്. ഗംഗാ നദിക്ക് തോണിക്കാരൻ എന്ന പേര് കൊടുക്കാൻ സാധിക്കില്ല. തോണിക്കാരൻ അല്ലെങ്കിൽ  പ്രിയതമൻ ഒപ്പം തന്നെ വേണം. എത്ര പേരെയാണ് അക്കരയ്ക്ക്കൊണ്ട് പോകുന്നത്, ഭിന്ന– ഭിന്ന പേരുകൾ നൽകിയിട്ടുണ്ട്. അല്ലാതെ ബോട്ടിലോ കപ്പലിലോ ഇരുത്തി ആരും കൊണ്ട് പോകുന്നില്ല. നിങ്ങൾ കുട്ടികൾക്കറിയാം എങ്ങനെയാണ് ഓർമ്മയുടെ യാത്രയിൽ ഇരിക്കുന്നത്. ഇതിൽ വായിലൂടെ രാമ–രാമ എന്നൊന്നും പറയേണ്ട ആവശ്യമില്ല. മനുഷ്യരാണെങ്കിൽ പറയുന്നത് രാമ–രാമ എന്ന് പറയൂ എന്നാണ്. ഇതിലൂടെ രാമ നാമം ദാനം ചെയ്യുന്നതായി പറയുന്നു. ബാബ ദാനം നൽകുന്നത്– അവിനാശി ജ്ഞാന രത്നങ്ങളാണ്. പറയുന്നു മധുര–മധുരമായ ഓമനകളായ ആത്മാക്കളേ, അച്ഛനായ എന്നെ ഓർമ്മിക്കൂ. ഈ ബാബയുടെ ഓർമ്മ വിശ്വത്തിന് യോഗദാനമാണ്. ശിവബാബയെ ഓർമ്മിക്കൂ. വാസ്തവത്തിൽ രാമനെന്നും ശിവബാബയെയാണ് പറയുന്നത് എന്നാൽ വീണ്ടും  രഘുപതി രാഘവ രാജാറാമെന്ന് പറയുന്നു. നിങ്ങൾ കുട്ടികൾക്കിപ്പോൾ ഡ്രാമയെ അറിയാം. സ്വർഗ്ഗം മുതൽ തുടങ്ങി നിങ്ങൾക്ക് എല്ലാം അറിയാം ആരാരെല്ലാമാണ് വന്നത്? എങ്ങനെ വീണ്ടും വരും? എന്തെല്ലാമാണോ നടന്ന് വന്നത് എല്ലാം ഡ്രാമയിലുള്ളതാണ്. ഈ ഭോഗ് മുതവായവ വയ്ക്കുന്നത്– ഇതെല്ലാം ഡ്രാമയിലുള്ളതാണ്. ഒന്നും പുതിയകാര്യമല്ല. നിങ്ങൾ സാക്ഷിയായി കാണുന്നു. ഓരോരുത്തരും അഭിനേതാക്കളാണ്. അറിയാം അവർ തന്റെ ഭാഗം അഭിനയിച്ച് സന്തോഷത്തോടെ തിരിച്ച് പോകുന്നു.

മനുഷ്യർ പറയുന്നു മരിച്ചാൽ സ്വർഗ്ഗവാസിയായി. നിങ്ങൾക്കറിയാം നമ്മൾ സ്വർഗ്ഗവാസിയാകുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്യുകയാണ്. മനുഷ്യർ കാശീവാസം ചെയ്യുന്നില്ലേ. ഗംഗാ ജി–യുടെ തീരത്തിൽ ഇരിക്കുന്നു. ശിവന്റെ ക്ഷേത്രവുമുണ്ട്. ശിവന്റെ ഓർമ്മയിൽ സദാ ഇരിക്കുന്നു. ഗംഗയുടെ മഹിമയും പാടുന്നു. ഗംഗയിൽ ആരും പോയി ജീവത്യാഗം ചെയ്യാറില്ല. തീർത്ഥും പതിത പാവൻ ശിവൻ മാത്രമാണ്. ഇതാണ് വ്യത്യാസം. ശിവന്റെ ക്ഷേത്രമുണ്ട്. മുൻപ് ഒരു കിണറ്റിൽ ചാടി ശിവനിൽ ബലിയായിരുന്നു. നിങ്ങൾക്ക് ബനാറസിലുള്ളവർക്ക് നല്ലരീതിയിൽ ജ്ഞാനം കൊടുക്കാൻ സാധിക്കും. പറയൂ– നിങ്ങൾ ഇവിടെ ഇരിക്കുന്നു, ഗംഗയുടെ തീരവുമാണ്. ശിവന്റെ ക്ഷേത്രവുമുണ്ട്. പിന്നീട് നിങ്ങൾ ശിവനിൽ എന്തുകൊണ്ടാണ് ബലിയാകുന്നത്? പതിത–പാവൻ ശിവനാണോ അതോ ഗംഗയാണോ? വാസ്തവത്തിൽ പതിത–പാവൻ ശിവൻ മാത്രമാണ്. ഭഗവാന്റെ അടുത്ത് തന്നെയാണ് ബലിയാകുന്നത്. ഭഗവാൻ, ഭഗവാനിലൊരിക്കലും ബലിയാകില്ല. ഇതൊരിക്കലും സാധ്യമല്ല.  ഞാനും ഭഗവാനാണ്, നിങ്ങളും ഭഗവാനാണ് ഇങ്ങനെയല്ല. ഗംഗയിൽ പോയി കുളിക്കാൻ ആ ഭഗവാൻ ഒരിക്കലും പതിതമാകുന്നില്ല. സർവ്വവ്യാപിയുടെ ജ്ഞാനത്തെ നിങ്ങൾക്ക് ക്ഷണത്തിൽ എടുത്ത് മാറ്റാൻ സാധിക്കും. പതിത–പാവൻ ശിവനാണ്– ഇത് തെളിയിച്ച് പറഞ്ഞ് കൊടുക്കണം. കുട്ടികൾക്ക് പോയിന്റ്സ് തരുന്നത് മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടിയാണ്. കാശിയിൽ പോയി മനസ്സിലാക്കിക്കൊടുക്കുക എല്ലാത്തിലും സഹജവും നല്ലതുമാണ്. ശിവന്റെ ക്ഷേത്രമുണ്ടെങ്കിൽ തീർച്ചയായും എപ്പോഴോ വന്നിട്ടുണ്ട്. ശിവനെ സദാ അച്ഛനെന്നാണ് പറയുന്നത്. അവർക്ക് തന്റേതായൊരു ശരീരം ഒരിക്കലും ലഭിക്കുന്നില്ല. ഇതേ ശിവനെന്ന പേര് വളരെ കുട്ടികൾക്കുണ്ട്. അഥവാ കൃഷ്ണനെന്നും ലക്ഷക്കണക്കിനു പേർക്ക് പേരുണ്ടായിരിക്കും. എന്നാൽ ആ കൃഷ്ണനാണെങ്കിൽ സത്യയുഗത്തിലായിരുന്നില്ലേ. കൃഷ്ണന്റെ ഭക്തർ കൃഷ്ണന്റെ മൂർത്തിയെടുത്താണ് പൂജിക്കുക. മനുഷ്യരുടേത് ചെയ്യില്ല. അപ്പോൾ വ്യക്തമാകുന്നത് കൃഷ്ണൻ സത്യയുഗത്തിലാണ് ഉണ്ടാകുന്നത്. മനുഷ്യർക്കറിയില്ല–രാധയും–കൃഷ്ണനും ആരാണ്? അവർ എപ്പോഴാണ് രാജ്യം ഭരിച്ചത്? ഇത് ബാബ ഇരുന്ന് മനസ്സിലാക്കി തരുന്നു.

നിങ്ങളാണ് സ്വദർശന ചക്രധാരി. വിഷ്ണുവിന് ഈ സ്വദർശന ചക്രധാരിയെന്ന പേര് എങ്ങനെയാണ് വന്നത്, എന്താണ് ചെയ്തത്– ഇതാർക്കും മനസ്സിലാക്കാൻ സാധിക്കുന്നില്ല. ബാബയാണെങ്കിൽ

നിരാകാരനാണ്. വിഷ്ണുവിന് ഇത്രയും കൈകൾ എവിടെ നിന്ന് വന്നു– ആരും അറിയുന്നില്ല. നമുക്കറിയാം ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഭക്തി മാർഗ്ഗത്തിലും അവർ ഏതെല്ലാം ചിത്രങ്ങളാണോ ഉണ്ടാക്കിയിട്ടുള്ളത് അത് തന്നെ ഉണ്ടാക്കും. എല്ലാം ഉണ്ടായതും–ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. അരകല്പം ഭക്തിയും അരകല്പം ജ്ഞാനമാർഗ്ഗവുമാണ് നടക്കുന്നത്. ഈ കാര്യങ്ങളെ നിങ്ങൾക്കറിയാം. നിങ്ങൾക്ക് തന്നെ ആനന്ദം വന്നിട്ടുണ്ടാകും. ആരാണോ സത്യം–സത്യമായ പ്രിയതമകൾ, ആ പ്രിയതമനാണെങ്കിൽ അസത്യമാണ്, അസത്യവും സത്യവുമായ വസ്തുക്കളിൽ വ്യത്യാസമുണ്ടായിരിക്കില്ലേ. അസത്യ പ്രിയതമനും സത്യമായ പ്രിയതമനും. പത്നി പതിക്ക് പ്രിയപ്പെട്ടതാണെന്ന് പറയാറില്ലേ. ഇപ്പോൾ നിങ്ങൾക്കറിയാം– നമ്മൾ പ്രിയതമകൾക്ക് എത്രയും മധുരമായ പ്രിയതമനെയാണ് ലഭിച്ചിരിക്കുന്നത്. അവരെ പ്രിയതമനെന്നും പറയുന്നു അച്ഛനെന്നും പറയുന്നു. അച്ഛനും സ്നേഹമുണ്ടായിരിക്കും. കൂടാതെ അച്ഛനിൽ നിന്ന് സമ്പത്തും ലഭിക്കുന്നു. പ്രിയതമനിൽ നിന്ന് പ്രിയതമകൾക്ക് യാതൊരു സമ്പത്തും ലഭിക്കുന്നില്ല. സ്വയത്തെ പ്രിയതമയെന്ന് മനസ്സിലാക്കുന്നതിനേക്കാളും, കുട്ടിയാണെന്ന് മനസ്സിലാക്കുന്നതിലൂടെയാണ് സമ്പത്തിന്റെ ടേസ്റ്റ് വരുന്നത്. ശിവനെ എല്ലായ്പ്പോഴും അച്ഛനെന്നാണ് പറയുന്നത്. ശിവബാബയെ ശിവപതിയെന്ന് ഒരിക്കലും പറയില്ല. ഇപ്പോൾ നിങ്ങൾക്ക് ശിവന്റെ ഒരു നാമവും ജപിക്കേണ്ടതില്ല. കേവലം ബാബയെ ഓർമ്മിക്കൂ. കുട്ടികൾ വരുമ്പോൾ ചോദിക്കാറുണ്ട്– എപ്പോഴാണ് ഈശ്വരന്റേതായത്? ഏതു വരെ കുട്ടിയാകുന്നില്ലയോ അതുവരെ സമ്പത്ത് ലഭിക്കുക സാധ്യമല്ല. മാതാ–പിതാവാണെങ്കിൽ സന്മുഖത്ത് ലഭിക്കണം. നിശ്ചയം വന്നു എന്നാൽ സന്മുഖത്ത് കാണാതെ മരിച്ചുവെങ്കിൽ സമ്പത്ത് ലഭിക്കുകയില്ല. ഇങ്ങനെ സമ്പത്ത് നേടാത്ത വളരെ പേരുണ്ട്. പ്രജയിലേക്ക് പോകുന്നു. ബാബ പറയുന്നു ഇത് അതേ മാതാ–പിതാവാണെന്ന നിശ്ചയം വന്നു എങ്കിൽ സന്മുഖത്ത് വരേണ്ടതായുണ്ട്. പിന്നീട് സേവനം ചെയ്ത് തനിക്ക് സമാനമാക്കണം. പ്രജകളെയുണ്ടാക്കണം പിന്നീട് തന്റെ അവകാശികളേയും ഉണ്ടാക്കണം. വീട്ടിലിരുന്നാൽ ഉണ്ടാകില്ല, പരിശ്രമം ചെയ്യണം. ഈ കാര്യങ്ങളിൽ കുട്ടികൾ വിചാര സാഗര മഥനം ചെയ്യുന്നില്ല. കൃഷ്ണ ലീല പ്രസിദ്ധമാണ്. ലീല സത്യയുഗത്തിലാണ് ഉണ്ടാകുന്നത്. ഇവിടെ ഉണ്ടാകുക സാധ്യമല്ല. ഇവിടെ കോപ്പിയടിച്ചുകൊണ്ടിരിക്കുകയാണ്. സ്വർഗ്ഗത്തിൽ എന്തെന്തൊക്കെയാണ് ഉണ്ടായിരിക്കുക, എങ്ങനെയാണ് കൊട്ടാരമുണ്ടായിരിക്കുക– ഇതാണെങ്കിൽ കുട്ടികൾക്ക് അനുഭവിക്കാൻ സാധിക്കും. അവിടുത്തെ കാര്യമേ ചോദിക്കേണ്ട. വായിൽ വെള്ളം വരുന്നു. ബാബ സുഖം മാത്രമാണ് നൽകുന്നത്. ദുഃഖത്തിന് വേണ്ടിയല്ല ബാബയെ ആഹ്വാനം ചെയ്യുന്നത്. ലോകത്തിൽ വലിയ ദുഃഖമാണ് . ഒരു വീട്ടിൽ അഥവാ പ്രശ്നക്കാരി മരുമകൾ വരികയാണെങ്കിൽ വീടിനെ തലകീഴായി മറിക്കുന്നു. ഇങ്ങനെ വളരെ വീടുകൾ ബാബ കണ്ടിട്ടുണ്ട്. ഇപ്പോൾ സമയം കുറവാണ്. ബാബയുടേതാകൂ അപ്പോൾ ബാബ സഹായം നൽകും. അവകാശിയാകുന്നില്ലങ്കിൽ സമ്പത്ത് നൽകുന്നവരുടെ സഹായം എങ്ങനെ ലഭിക്കും? ബാബ പറയുകയാണ് പേടിക്കരുത്. ധനവാൻമാർ പേടിക്കുന്നു. ഈ അച്ഛനാണെങ്കിൽ ദാതാവാണ്. ഭക്തി മാർഗ്ഗത്തിൽ പോലും നിങ്ങൾ എന്റെ പേരിൽ ദാനം ചെയ്തിരുന്നു. അതനുസരിച്ച് ജന്മവും ലഭിച്ചിരുന്നു. ഇപ്പോൾ നേരിട്ട് പറയുകയാണ്– എന്റേതാകുകയാണെങ്കിൽ നിങ്ങൾക്ക് രാജ്യ–ഭാഗ്യം നൽകും. ശിവബാബയ്ക്കായി വീടോ കെട്ടിടമോ യാതൊന്നും ഉണ്ടാക്കേണ്ടതില്ല. നിങ്ങളോട് ചോദിക്കുന്നു ഇപ്പോൾ ഇതെല്ലാം ഇല്ലാതാകാൻ പോകുകയാണെങ്കിൽ പിന്നീട് ഈ കെട്ടിടം മുതലായവയെല്ലാം എന്തിനാണ് ഉണ്ടാക്കുന്നത്? അപ്പോൾ പറയണം, അങ്ങനെയെങ്കിൽ കുട്ടികൾ എവിടെ കഴിയും? അന്തിമത്തിൽ പോലും കുട്ടികൾക്ക് വന്ന് കഴിയണം. നിങ്ങൾ അന്തിമത്തിൽ വളരെ ദൃശ്യ–രംഗങ്ങൾ കാണും. വളരെ സന്തോഷത്തിൽ കഴിയും. എത്രത്തോളം സമയം സമീപം വന്നുകൊണ്ടിരിക്കുന്നോ, ബാബയിലൂടെ വളരെ സാക്ഷാത്ക്കാരം ഉണ്ടായിക്കൊണ്ടിരിക്കും. ആരാണോ സഹായിയായി മാറുന്നത് അവർ അന്തിമത്തിൽ വളരെ സുഖം ദർശിക്കും. ദുഃഖത്തിന്റെ സമയത്തിൽ വളരെ സുഖം കാണും. അത് അദ്ഭുതകരമായ സുഖമാണ്. പക്കിസ്ഥാനിലും നിങ്ങൾ ആനന്ദത്തിൽ ഇരുന്നിരുന്നു. വൈകുണ്ഠത്തിൽ എങ്ങനെയാണ് സ്വയംവരം നടക്കുന്നത്, ലക്ഷ്മീ–നാരായണന്റെ രാജ്യം എങ്ങനെയാണ് നടക്കുന്നത്– എല്ലാം ബാബ സാക്ഷാത്ക്കാരം ചെയ്യിച്ചിരുന്നു. നിങ്ങൾ വളരെ ദർശിക്കും അഥവാ ശിവബാബയുടെ മതത്തിലൂടെ മുള്ളുകളെ പുഷ്പമാക്കുന്നതിൽ സഹായിച്ചുകൊണ്ടേയിരിക്കുകയാണെങ്കിൽ, അതുകൊണ്ടാണ് പറയുന്നത്– ധൈര്യമുള്ളവരെ ഈശ്വരൻ സഹായിക്കുന്നു. ഇങ്ങനെയുള്ള പ്രിയതമനെ വളരെയധികം ഓർമ്മിക്കണം. ലോകത്തിന് ഒന്നും അറിയില്ല. ഇത്രയും അധികം കുട്ടികൾ ഉണ്ടെങ്കിൽ തീർച്ചയായും അവർക്ക് മാതാ–പിതാവുണ്ടായിരിക്കില്ലേ– അവരിൽ നിന്ന് അളവറ്റ സുഖം ലഭിക്കുന്നു. ഈ മഹിമ ഒരു ലൗകീക മാതാപിതാവിന്റേതുമല്ല. നിങ്ങൾ പ്രത്യക്ഷത്തിൽ കാണുന്നു എത്ര അധികം കുട്ടികളാണുള്ളത്. രചയിതാവ് ഗോഡ് ഫാദറാണ്. രചനനടത്തുമെങ്കിൽ ദത്തെടുക്കുയും ചെയ്യില്ലേ. ആരിലൂടെ? ഇതാണ് മുഖവംശാവലി. മനസ്സിലാക്കിക്കൊടുക്കുക വളരെ സഹജമാണ്. ഇപ്പോൾ ഈശ്വരന്റെ മടിത്തട്ടെടുക്കുന്നു പിന്നീട് ദൈവീക മടിത്തട്ട് ലഭിക്കും. പിന്നീട് ആസുരീയം. ഈ ഈശ്വരീയ മടിത്തട്ടിൽ നിന്ന് നമ്മൾ ശാന്തിധാമത്തിലേക്കും,

സുഖധാമത്തിലേക്കും പോകുന്നു. ഈ മന്ത്രം ഓർമ്മിക്കൂ. ബന്ധനസ്ഥരായ ഗോപികമാർ വിളിക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് വേണ്ടി എന്തെങ്കിലും പ്രയത്നം ചെയ്യേണ്ടതായുണ്ട്. ബാബയ്ക്ക് ചെറിയ-ചെറിയ ഗ്രാമങ്ങളിൽ പോകാൻ സാധിക്കില്ല. വലിയ ഗ്രാമങ്ങളിൽ വന്ന് കാണുന്നു. പോകേണ്ടതായി തന്നെയുണ്ട്. രാജാവ് ജനകൻ സമർപ്പണമായി പിന്നീട് പറഞ്ഞു ട്രസ്റ്റിയായി സംരക്ഷിക്കൂ. രചനയുടെ പാലന നിങ്ങൾക്ക് തീർച്ചയായും ചെയ്യണം. നിങ്ങൾ സ്വയത്തെ ട്രസ്റ്റിയായ ആത്മാവാണെന്ന് മനസ്സിലാക്കൂ. മായാ രാവണൻ ദുഃഖം നൽകുന്നവനാണ് അതുകൊണ്ടാണ് രാവണന്റെ ഒരു ക്ഷേത്രവും ഇല്ലാത്തത്. പകരം കോലമാണുണ്ടാക്കുന്നത്. രാവണൻ വളരെ ദുഃഖം നൽകിയിരിക്കുന്നു. എത്രത്തോളം ദുഃഖം നൽകുന്നോ അത്രയും തന്നെ രാവണനെ വർഷാ-വർഷം കത്തിച്ചുകൊണ്ടിരിക്കുന്നു. ശിവബാബ സുഖം നൽകിയിട്ടുണ്ട് , അതുകൊണ്ട് ബാബയുടെ ക്ഷേത്രവും വളരെ പ്രൗഢമാണ്. ദുഃഖം നൽകുന്ന രാവണന് ക്ഷേത്രമുണ്ടാകുക സാധ്യമല്ല. രാവണനെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. പിന്നീട് ഒന്നും ബാക്കി വെക്കില്ല. ശിവബാബയുടെ ക്ഷേത്രമാണെങ്കിൽ കാണാൻ കഴിയും. എത്ര പൂജയാണ് നടക്കുന്നത്. വാസ്തവത്തിൽ സദാ പൂജ്യനായിട്ടുള്ളത് ഒരേ ഒരു ശിവബാബ മാത്രമാണ്, മറ്റാരും തന്നെയില്ല. നിങ്ങൾ പിന്നീട് പൂജ്യരിൽ നിന്ന് പൂജാരിയാകുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. ബാബയുടെ ഓർമ്മയിൽ കഴിയണം ഒപ്പം എല്ലാവർക്കും ബാബയുടെ ഓർമ്മ ഉണർത്തണം, ഈ ദാനം ചെയ്തുകൊണ്ടിരിക്കണം. ബാബയിൽ സമർപ്പണം ചെയ്ത് പിന്നീട് ട്രസ്റ്റിയായി സംരക്ഷിക്കണം.

2. സാക്ഷിയായി ഓരോരുത്തരുടേയും പാർട്ട് കാണണം. നമ്മൾ പാർട്ട് പൂർത്തീകരിച്ച് സന്തോഷത്തോടെ തിരിച്ച് പൊയ്ക്കൊണ്ടിരിക്കുകയാണ്- ഈ സ്മൃതിയിൽ സദാ കഴിയണം.

## വരദാനം - സദാ ബാബയ്ക്ക് സമാനമായി തന്റെ സമ്പന്ന സ്വരൂപത്തിലൂടെ സർവ്വർക്കും വരദാനം നൽകുന്ന വരദാനി മൂർത്തിയായി ഭവിക്കട്ടെ.

ഭാരതത്തിൽ വിശേഷിച്ചും ദേവിമാരെ വരദാനി രൂപത്തിലാണ് ഓർമ്മിക്കുന്നത്. എന്നാൽ അങ്ങനെയുള്ള വരദാനി മൂർത്തിയാകണമെങ്കിൽ ബാബയ്ക്ക് സമാനവും സമീപത്തുമിരിക്കുന്നവരായിരിക്കണം. ഇടയ്ക്ക് ബാബയ്ക്ക് സമാനവും, ഇടയ്ക്ക് സമാനമല്ലെങ്കിൽ ഇപ്പോഴും സ്വപുരുഷാർത്ഥത്തിൽ തന്നെയാണെങ്കിൽ വരദാനിയാകുവാൻ സാധിക്കില്ല. എന്തുകൊണ്ടെന്നാൽ ബാബ പുരുഷാർത്ഥം ചെയ്യുന്നില്ല. ബാബ സദാ സമ്പന്ന സ്വരൂപത്തിലാണ്. അപ്പോൾ സമാനവും സമ്പന്ന സ്വരൂപത്തിലുമാണെങ്കിൽ പറയും വരദാനി മൂർത്തി.

## സ്ലോഗൻ - ഓർമ്മയുടെ ഓട്ടമത്സരം നടത്തൂ എങ്കിൽ ബാബയുടെ കഴുത്തിലെ മാല, വിജയി മണിയായിത്തീരുന്നു.